**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2783** **03-08-2021 - ൽ മറുപടിയ്ക്ക്**

**അഗ്രോപാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നടപ്പുവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അഗ്രോപാർക്കുകൾ സംബന്ധിച്ചുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ; | (എ) | കർഷകരുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധനവിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലും വിപണനം നടത്താൻ സാധിക്കുക എന്ന കാഴ്ച്പ്പാടോടു കൂടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പുസാമ്പത്തികവർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകൾ വിള അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ തൃശ്ശൂരിലെ കണ്ണാറയിൽ ബനാനാ &ഹണി പാർക്ക്, കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേരപാർക്ക്, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാംഗോ പാർക്ക്, ഇടുക്കിയിലെ വണ്ടിപ്പെരിയാറിൽ വെജിറ്റബിൾ പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ബനാനാ &ഹണി പാർക്കിന്റെ കെട്ടിട നിർമ്മാണം അന്തിമഘട്ടത്തിലാണ്. |
| (ബി) | തിരുവമ്പാടി മണ്ഡലത്തിൽ അഗ്രോ പാർക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കോഴിക്കോട് ജില്ലയിൽ രണ്ട് നാളികേര അഗ്രോ പാർക്കുകൾ ആണ് സ്ഥാപിക്കുന്നത്. വേങ്ങേരിയിലും കൂത്താളിയിലും സ്ഥാപിതമാകുന്ന ഈ അഗ്രോപാർക്കുകളുടെ പ്രയോജനം തിരുവമ്പാടി മണ്ഡലത്തിലെയുൾപ്പെടെയുള്ള കർഷകർക്കും ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ